# DLEd - വിജ്ഞാപനം

കേരളസർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലിലുള്ള **DLEd(ഹിന്ദി) പെരിന്തൽമണ്ണ പെർഫെക്ട് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ** ഹിന്ദി DLEd കോഴ്സിന് 2015-16 അദ്ധ്യയന വർഷത്തേക്ക് മെറിറ്റ്/മാനേജ്മെന്റ് ക്വാട്ടയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സിന്റെ കാലാവധി 1 വർഷമാണ്. സർക്കാർ അനുവദിച്ചിട്ടുള്ള ആകെ സീറ്റിൽ 50% മെറിറ്റ് ക്വാട്ടയിലും 50% മാനേജ്മെന്റ് ക്വാട്ടയിലുമാണ് പ്രവേശനം നടത്തുന്നത്.

<u>യോഗ്യതകൾ</u>

1. കേരള ഗവൺമെന്റ് നടത്തുന്ന SSLC യോ തത്തുല്യ യോഗ്യതയോ പാസായിരിക്കണം.
2. ദക്ഷിണ ഭാരത പ്രചാര സഭ നടത്തുന്ന "പ്രവീൺ" പരീക്ഷയോ കേരള ഹിന്ദി പ്രചാര സഭ നടത്തുന്ന സാഹിത്യാചാര്യയോ അല്ലെങ്കിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള BA/MA(Hindi)യോ കുറഞ്ഞത് 50% മാർക്കോടെ വിജയിച്ചിരിക്കണം. (OBC വിഭാഗക്കാർക്ക് 45% മാർക്കും പട്ടിക ജാതി/പട്ടിക വർഗക്കാർക്ക് യോഗ്യതാ പരീക്ഷ വിജയിക്കുകയും ചെയ്താൽ മതി.)
3. <u>പ്രായപരിധി</u>

   01/05/2015 ൽ 17 വയസ്സ് തികഞ്ഞിരിക്കേണ്ടതും 35 വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 5 വർഷവും മറ്റു പിന്നോക്ക സമുദായക്കാർക്ക് 3 വർഷവും ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ്, മിലിട്ടറി സർവ്വീസ് എന്നിവയുള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.
4. <u>അപേക്ഷിക്കേണ്ടവിധം</u>

   മെറിറ്റ് ക്വാട്ടയിലുള്ളവർ "0202-01-102-92 മറ്റിനങ്ങളിൽ നിന്നുള്ള വരവുകൾ" എന്ന ശീർഷകത്തിൽ 5/- രൂപ ചെല്ലാൻ അപേക്ഷയോടൊപ്പം വച്ചിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ ഫീസടക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

   മാനേജ്മെന്റ് ക്വാട്ടയിലുള്ളവർ നേരിട്ട് കോളേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് .

   മെറിറ്റ് ക്വാട്ടയിലുള്ളവർ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം, പിൻ: 695014 എന്ന വിലാസത്തിലും (അപേക്ഷാ ഫോം അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്) മാനേജ്മെന്റ് ക്വാട്ടയിലുള്ളവർ മാനേജിംഗ് ഡയറക്ടർ, പെർഫെക്ട് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്, പട്ടാമ്പി റോഡ്, പെരിന്തൽമണ്ണ, മലപ്പുറം. ഫോൺ:04933 229027, 9446549027 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.
5. <u>അപേക്ഷിക്കേണ്ടരീതി</u>
   1. ഇതിനോടൊപ്പമുള്ള അപേക്ഷാഫോറം കോളങ്ങൾ ഒന്നും വിടാതെ ഇംഗ്ലീഷിലോ മലയാളത്തിലോ പൂരിപ്പിക്കേണ്ടതാണ്.
   2. അപേക്ഷയോടൊപ്പം 5 രൂപ ചെല്ലാൻ അടച്ച രശീതിയും SSLC Book ന്റേയും ഹിന്ദി യോഗ്യതാ പരീക്ഷയുടേയും മാർക്ക് ലിസ്റ്റിന്റേയും സർട്ടിഫിക്കറ്റിന്റേയും ശരി പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി വച്ചിരിക്കേണ്ടതാണ്.
6. <u>ഫീസ് വിവരം</u>

   മെറിറ്റ് ക്വാട്ടയിലുള്ളവർക്ക് പ്രവേശനം ലഭിച്ചാൽ മൊത്തം ഫീസ് 13,100/- രൂപ അടക്കേണ്ടതുണ്ട്.

*മെറിറ്റ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനം വന്നതിനു ശേഷം അപേക്ഷിച്ചാലും മതിയാകും.

## അനുബന്ധം

## 2015-16 വർഷത്തെ സ്വാശ്രയ ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യുക്കേഷൻ(ഹിന്ദി) കോഴ്സിനുള്ള അപേക്ഷ

1. പൂർണ്ണമായ പേരും മേൽ വിലാസവും (പിൻകോഡ് ഉൾപ്പെടെ മലയാളത്തിലും ഇംഗ്ലീഷിലും വലിയ അക്ഷരത്തിൽ) :

2. ജനനതീയ്യതി :

3. 1.5.2015 ൽ പൂർത്തിയാകുന്ന വയസ്സ് :

4. വിദ്യാഭ്യാസ യോഗ്യതയും ലഭിച്ച മാർക്കും (സർട്ടിഫിക്കറ്റിന്റേയും മാർക്ക് ലിസ്റ്റിന്റേയും എല്ലാ പാർട്ടിന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കണം) :

5. യോഗ്യതാ പരീക്ഷക്ക് ലഭിച്ച മാർക്കിന്റെ ശതമാനം :

6. (എ) ജാതി/ മതം :
   (ബി) പട്ടിക ജാതി / പട്ടിക വർഗ്ഗം / ഒ.ബി.സി/ ആണോയെന്ന്

7. മിലിട്ടറി സേവനമുണ്ടെങ്കിൽ അതിന്റെ കാലയളവ് (സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

8. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ് ഉണ്ടെങ്കിൽ കാലയളവ്(എ.ഇ.ഒ യിൽ നിന്നും ഡി.ഇ.ഒ യിൽ നിന്നോ കിട്ടുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

9. അപേക്ഷകൾ ഒടുക്കിയ ഫീസ്, ചെല്ലാൻ തീയ്യതിയും നമ്പരും ട്രഷറിയുടെ പേരും :

10. അപേക്ഷകർ പ്രവേശന പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന ജില്ല :

11. പഠിക്കാനുദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേര് : Perfect TTI, പെരിന്തൽമണ്ണ
12. (മുൻഗണനാക്രമത്തിൽ)

13. അപേക്ഷകൻ വികലാംഗനാണോ ആണെങ്കിൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം) :

14. ഉള്ളടക്കത്തിന്റെ ലിസ്റ്റ് :

അപേക്ഷകന്റെ ഒപ്പ്

സ്ഥലം:
തീയ്യതി: